2. സ്വയം മെച്ചപ്പെടുന്നതിന് ആവശ്യമായ തനതു പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള അഭിപ്രേരണ ലഭിക്കുന്നതിന്.
3. കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനുള്ള അധിക ശ്രമങ്ങൾ ഏറ്റെടുക്കുന്നതിന്.
4. സമഗ്ര വിദ്യാലയ വികസന പ്രക്രിയയിൽ തന്റെ സ്ഥാനം തിരിച്ചറിഞ്ഞ് സ്വയം മെച്ചപ്പെടുത്തുന്നതിന്.
5. വിദ്യാലയത്തിന്റെ മൊത്തം ഗുണപരത വ്യക്തമാക്കുന്ന ഒരു രേഖയായി ഉപയോഗപ്പെടുത്തുന്നതിന്.
6. സ്കൂൾ/ക്ലസ്റ്റർ/ബ്ലോക്ക് തലങ്ങളിൽ അദ്ധ്യാപകർക്ക് ഗുണപരമായ ഫീഡ്ബാക്ക് ഏറ്റെടുക്കുന്നതിന്.

(സി) ഇല്ല.

ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള റോഡ് വികസനം

11 (*401) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റോഡ് വികസനം ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി പരിഷ്കരിക്കുന്നതിൽ സർവ്വകാല റിക്കോർഡ് കൈവരിക്കുവാൻ കഴിഞ്ഞതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) ടൂറിസം മേഖലകളിലെയും മെട്രോ നഗരങ്ങളിലെയും റോഡുകളും ഇത്തരത്തിൽ പുനരുദ്ധരിക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഘട്ടംഘട്ടമായി ബി.എം.&ബി.സി. രീതിയിൽ റോഡുകൾ പരിഷ്കരിക്കുന്നതിന് സർക്കാർ കൂടുതൽ മുൻഗണന നൽകിയതിനാലും, ഇതിനാവശ്യമായ ഫണ്ട് വകയിരുത്തിയതിനാലുമാണ് ഇക്കാര്യത്തിൽ സർവ്വകാല റെക്കോഡ് കൈവരിക്കാൻ കഴിഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടൂറിസം മേഖലകളിലേയും, മെട്രോ നഗരങ്ങളിലേയും റോഡുകൾ ഇത്തരത്തിൽ പുനരുദ്ധരിക്കുന്നതിന് അടിയന്തിര പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി ദേശീയപാതയുമായി ബന്ധപ്പെട്ട റോഡുകൾ കേന്ദ്ര സർക്കാരിന്റെ CRF പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത ആദ്യ നഗര റോഡ് വികസന പദ്ധതിയായ തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ മിക്കവാറും പൂർത്തിയായി. കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ 6 റോഡുകൾ വികസിപ്പിക്കുന്നതിനുള്ള ടെണ്ടർ അംഗീകരിച്ച് വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുന്നതാണ്. കണ്ണൂർ, മലപ്പുറം, കോട്ടയം നഗര റോഡ് വികസന പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. തൃശ്ശൂർ, കൊല്ലം എന്നീ നഗര റോഡ് വികസന പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

വിദ്യാർത്ഥികൾക്ക് വ്യവസായ സംരംഭകത്വ പദ്ധതി

12 (*402) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കായി വ്യവസായ സംരംഭകത്വ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly